**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 29** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ്-19ന്റെ രണ്ടാം വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ്-19ന്റെ രണ്ടാം വ്യാപനം പ്രായാധിക്യമുള്ളവരെക്കാൾ ചെറുപ്പക്കാരിലും മദ്ധ്യവയസ്കരിലുമാണ് കൂടുതൽ രൂക്ഷമാകുന്നത് എന്നതും അവർക്കാണ് കൂടുതൽ മരണം സംഭവിക്കുന്നത് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കോവിഡ്-19 രണ്ടാം വ്യാപനം ചെറുപ്പക്കാരിലും മദ്ധ്യവയസ്കരിലുമാണ് കൂടുതൽ ബാധിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മരണ നിരക്ക് പ്രായാധിക്യം ഉള്ളവരിലും, പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തൈറോയ്ഡ് പ്രശ്നങ്ങൾ മുതലായ രോഗങ്ങൾ ഉള്ളവരിലും ആണ് കൂടുതലായി കണ്ടുവരുന്നത്. രണ്ടാം തരംഗത്തിൽ 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രം 13,89,695 കോവിഡ് രോഗബാധിതരും, 4020 കോവിഡ് മരണങ്ങളും കേരളത്തിൽ സ്ഥിരീകരിച്ചു. ലഭ്യമായ കണക്കുകൾ പ്രകാരം 21 മുതൽ 30 വയസ്സുവരെ ഉള്ളവരിലാണ് രോഗവ്യാപനം കൂടുതലായി കാണപ്പെട്ടത് (261232 പേർക്ക്). 31 വയസ്സ് മുതൽ 40 വയസ്സുവരെയുള്ള (252935) ആളുകൾക്കും 41 മുതൽ 50 വയസ്സുവരെയുള്ള (233126) ആളുകൾക്കും രോഗവ്യാപനം താരതമ്യേന കൂടുതലാണ്. മരണ നിരക്ക് ഏറ്റവും കൂടുതലായി കാണപ്പെട്ടത് 81 മുതൽ 90 വയസ്സുവരെ പ്രായം ഉള്ളവരിലാണ് (കേസ്= 17105, മരണം= 502, മരണ നിരക്ക് =2.93%) 71 മുതൽ 80 വയസ്സുവരെ ഉള്ളവരിലും മരണ നിരക്ക് കൂടുതലായി കാണുന്നു. (കേസ് 50959, മരണം 988, മരണ നിരക്ക് - 1.94 %). കൂടാതെ 91 വയസ്സ് മുതൽ 100 വയസ്സുവരെയുള്ളവരിൽ 2833 പേർക്ക് രോഗബാധയും, 44 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട് (മരണ നിരക്ക് - 1.55%). കോവിഡ് രോഗബാധ മൂലമാണ് മരണം എന്ന് സ്ഥിരീകരിക്കപ്പെട്ടവരിൽ 18% പേർക്ക് രണ്ടാം തരംഗത്തിൽ മറ്റു രോഗങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. രണ്ടാം തരംഗത്തിന്റെ തുടക്കത്തിൽ 0.3% ആയിരുന്നു മരണനിരക്ക് എങ്കിൽ, നിലവിൽ അത് 0.34% ആണ്. വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണം ആരോഗ്യവകുപ്പ് തുടർച്ചയായി നിരീക്ഷിച്ചു വരുന്നുണ്ട്. ഇക്കാര്യം |

| | | | |
|---|---|---|---|
| | | | പരിശോധിക്കുന്നതിൽ നിന്നും ചെറുപ്പക്കാരിലെ മരണ നിരക്ക് 2-ാം തരംഗത്തിൽ കൂടിയിട്ടില്ലെന്ന് കാണുന്നു. ഒന്നാം തരംഗത്തിലും രണ്ടാം തരംഗത്തിലും ഉള്ള വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണനിരക്കിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

ഡിസംബറിന്റെ അവസാനത്തിൽ, ചൈനയിലെ ഹുബെ പ്രവിശ്യയിലെ വുഹാൻ സിറ്റിയിൽ നിന്ന് അജ്ഞാത കാരണത്താൽ ന്യുമോണിയ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയും അത് ഒരു പുതിയതരം കൊറോണ വൈറസ് (നോവൽ കൊറോണ വൈറസ്, 2019-nCoV) മൂലമാണെന്ന് തിരിച്ചറിയുകയും ചെയ്തു. തുടർന്ന് ജനുവരി 30 ന് കേരളത്തിലെ തൃശ്ശൂർ ജില്ലയിൽ കോവിഡ് രോഗബാധ സ്ഥിരീകരിച്ചു. നാളിതുവരെ കേരളത്തിൽ 2514279 പേർക്കാണ് കോവിഡ് 19 രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. 2021 മേയ് 30 വരെ രോഗം സ്ഥിരീകരിച്ചവരിൽ 8641 പേരുടെ മരണം കോവിഡ് മൂലമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്.

2021 മാർച്ച് മാസം വരെ 11,24,584 കേസുകളും 4621 മരണങ്ങളുമാണ് കേരളത്തിൽ സ്ഥിരീകരിച്ചത്.

| Cases till March 31st 2021 | | | | |
|---|---|---|---|---|
| **Age Group** | **Total Deaths (A)** | **Total Cases (B)** | **Proportion of total cases** | **CFR** |
| 0-10 years | 6 | 80313 | 7.14 | 0.01 % |
| 11-20 years | 12 | 116742 | 10.38 | 0.01 % |
| 21-30 years | 46 | 222034 | 19.74 | 0.02 % |
| 31-40 years | 110 | 207996 | 18.50 | 0.05 % |
| 41-50 years | 308 | 181975 | 16.18 | 0.17 % |
| 51-60 years | 790 | 155771 | 13.85 | 0.51 % |
| 61-70 years | 1417 | 100453 | 8.93 | 1.41 % |
| 71-80 years | 1226 | 42583 | 3.79 | 2.88 % |
| 81-90 years | 617 | 13997 | 1.24 | 4.41 % |
| 91-100 years | 85 | 2633 | 0.23 | 3.23 % |
| Above 100 years | 4 | 87 | 0.01 | 4.60 % |
| **TOTAL** | **4621** | **1124584** | **100** | **0.41 %** |

രണ്ടാം തരംഗത്തിൽ 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രം 13,89,695 കേസുകളും 4020 മരണങ്ങളുമാണ് കേരളത്തിൽ സ്ഥിരീകരിച്ചത്.

| Cases in April and May 30 - 2021 | | | | |
|---|---|---|---|---|
| **Age Group** | **Total Deaths (A)** | **Total Cases (B)** | **Proportion of total cases** | **CFR** |
| 0-10 years | 1 | 98575 | 7.09 | 0.00 % |
| 11-20 years | 4 | 155521 | 11.19 | 0.00 % |
| 21-30 years | 29 | 261232 | 18.80 | 0.01 % |
| 31-40 years | 148 | 252935 | 18.20 | 0.06 % |

| | | | | |
|---|---|---|---|---|
| 41-50 years | 334 | 233176 | 16.78 | 0.14 % |
| 51-60 years | 813 | 194893 | 14.02 | 0.42 % |
| 61-70 years | 1156 | 122291 | 8.80 | 0.95 % |
| 71-80 years | 988 | 50959 | 3.67 | 1.94 % |
| 81-90 years | 502 | 17105 | 1.23 | 2.93 % |
| 91-100 years | 44 | 2833 | 0.20 | 1.55 % |
| Above 100 years | 1 | 175 | 0.01 | 0.57 % |
| **TOTAL** | **4020** | **1389695** | **100** | **0.29 %** |

കണക്കുകൾ പരിശോധിക്കുന്നതിൽ നിന്നും രണ്ടാം തരംഗത്തിൽ കൂടുതൽ കേസുകൾ അതിവേഗം റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെങ്കിലും പ്രായാടിസ്ഥാനമുള്ള മരണ നിരക്കിലും കേസുകളുടെ അനുപാതത്തിലും കാര്യമായ വ്യത്യാസം ഉള്ളതായി കാണുന്നില്ല. എന്നാൽ 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രം മാർച്ച് 2021 വരെ റിപ്പോർട്ട് ചെയ്തതിലധികം കോവിഡ് കേസുകളും നാലായിരത്തിലധികം മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. ഈ കാലയളവിൽ ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം ശരാശരി 23162 ആണ്. 2020 ജനുവരി മുതൽ മാർച്ച് 2021 വരെ ഈ ശരാശരി കേവലം 2615 മാത്രമായിരുന്നു.

കോവിഡ് രോഗബാധ മൂലമാണ് മരണം എന്ന് സ്ഥിരീകരിക്കപ്പെട്ടവരിൽ 11 % പേർക്ക് മറ്റു രോഗങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. എന്നാൽ ഏപ്രിൽ, മെയ് മാസം മാത്രം കണക്കിലെടുത്താൽ ഇത് 18 ശതമാനമാണ്. തുടക്കത്തിൽ കേസ് ഫാടലിടി റേറ്റ് 0.4 ശതമാനത്തിൽ നിന്നും രണ്ടാം തരംഗത്തിന്റെ തുടക്കത്തിൽ 0.3 ശതമാനം വരെയെത്തിയെങ്കിലും നിലവിൽ 0.34 ശതമാനമാണ്.

| **Details of Covid Death and Co Morbidity** | | | |
|---|---|---|---|
| | **With Co Morbidity** | **Without Co Morbidity** | **Total** |
| Till March 31st, 2021 | 4381 | 240 (5.2%) | 4621 |
| April, May 30, 2021 | 3295 | 725 (18%) | 4020 |
| | 7676 | 965 (11.2%) | 8641 |

ആനുബന്ധം

Analysis of deaths due to COVID confirmed Till January 31, 2020

| Age Group | Total Deaths (A) | Total Cases (B) | Case Fatality Rate (A/B) *100 (%) |
|---|---|---|---|
| 0-10 years | 6 | 66916 | 0.01 |
| 11-20 years | 10 | 90218 | 0.01 |
| 21-30 years | 40 | 180533 | 0.02 |
| 31-40 years | 89 | 168128 | 0.05 |
| 41-50 years | 246 | 143854 | 0.17 |
| 51-60 years | 630 | 120930 | 0.52 |
| 61-70 years | 1127 | 77525 | 1.45 |
| 71-80 years | 937 | 32592 | 2.87 |
| 81-90 years | 481 | 10803 | 4.45 |
| 91-100 years | 54 | 2094 | 2.58 |
| > 100 years | 4 | 46 | 8.70 |
| Total | 3624 | 893638 | 0.4 |

Analysis of deaths due to COVID confirmed between Feb 1, 2021 to May 31, 2021

| Age Group | Total Deaths (A) | Total Cases (B) | Case Fatality Rate (A/B) *100 (%) |
|---|---|---|---|
| 0-10 years | 1 | 111972 | 0.0008 |
| 11-20 years | 6 | 182045 | 0.003 |
| 21-30 years | 35 | 302733 | 0.01 |
| 31-40 years | 169 | 292803 | 0.05 |
| 41-50 years | 396 | 271297 | 0.14 |
| 51-60 years | 973 | 229734 | 0.42 |
| 61-70 years | 1446 | 145219 | 0.99 |
| 71-80 years | 1277 | 60950 | 2.09 |
| 81-90 years | 638 | 20299 | 3.14 |
| 91-100 years | 75 | 3372 | 2.22 |
| > 100 years | 1 | 216 | 0.46 |
| Total | 5017 | 1620641 | 0.31 |